**കണ്ണൂർ സർവ്വകലാശാല**

**അക്കാദമിക് ഡി വിഭാഗം**

---

**നമ്പർ.** Acad.D4/college transfer/2024 **തീയതി:** 20.06.2025

**<u>സർക്കുലർ</u>**

വിഷയം:- മൂന്നാം സെമസ്റ്റർ FYUGP കോളേജ് / ഇൻസ്റ്റിറ്റിയൂഷൻ ട്രാൻസ്ഫർ -സംബന്ധിച്ച്

സൂചന :- ____________

മൂന്നാം സെമസ്റ്റർ FYUGP കോളേജ് /ഇൻസ്റ്റിറ്റിയൂഷൻ മാറ്റത്തിനായി വിവിധ കോളേജുകളിൽ നിലവിലുള്ള ഒഴിവുകൾ,കൂടാതെ കോളേജ് മാറ്റത്തിനായുള്ള അപേക്ഷാ ഫോറം എന്നിവ സർവകലാശാല വെബ് സൈറ്റിൽ പബ്ലിഷ് ചെയ്തിട്ടുണ്ട് .ആയത് പരിശോധിച്ച ശേഷം വിദ്യാർഥികൾ നിശ്ചിത അപേക്ഷാ ഫോറത്തിൽ വിശദാംശങ്ങൾ രേഖപ്പെടുത്തി, അതോടൊപ്പം ഒന്നും രണ്ടും സെമെസ്റ്ററുകളുടെ മാർക്ക് ലിസ്റ്റുകൾ സഹിതം, നിലവിൽ പഠിക്കുന്ന കോളേജ് പ്രിൻസിപ്പലിന്റെ സാക്ഷ്യപെടുത്തലുകളോട് കൂടി ഓഫ് ലൈനായി 2025 ജൂൺ 24 (ചൊവ്വാഴ്ച ) വൈകിട്ട് 5 മണിക്കകം സർവകലാശാല രജിസ്ട്രാർക്ക് ലഭ്യമാക്കേണ്ടതാണ്.വിദ്യാർഥികളുടെ അപേക്ഷ പരിശോധിച്ച് ഓരോ കോളേജിലെയും വേക്കൻസികളിലേക്കുള്ള റാങ്ക് ലിസ്റ്റ് സർവകലാശാല വെബ് സൈറ്റിൽ പബ്ലിഷ് ചെയ്യുന്നതായിരിക്കും.തുടർന്ന് വിദ്യാർഥികൾ മാറ്റം ആഗ്രഹിക്കുന്ന കോളേജുകളിൽ പ്രവേശനം നേടേണ്ടതാണ്. വിദ്യാർഥികൾക്ക് പ്രവേശനം നൽകിയ വിവരം അതാത് കോളേജ് പ്രിൻസിപ്പൽമാർ രജിസ്ട്രാറെ രേഖാ മൂലം അറിയിക്കേണ്ടതാണ്. പ്രവേശനം നൽകുമ്പോൾ വിദ്യാർത്ഥികളിൽ നിന്നും കോളേജ് മാറ്റത്തിനുള്ള ഫീസ് (420/-) ഈടാക്കി രസീത് സർവ്വകലാശാലയ്ക്ക് സമർപ്പിക്കേണ്ടതാണ്.

Jisha K P
അസിസ്റ്റന്റ് രജിസ്ട്രാർ II
രജിസ്ട്രാർക്ക് വേണ്ടി

സ്വീകർത്താവ്:

1. അഫിലിയേറ്റഡ് കോളേജ് പ്രിൻസിപ്പൽമാർ
2. വകുപ്പ് തലവന്മാർ